## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2512 | 19.06.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്.<br>നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളോടൊപ്പം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് 2012-2013 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചിയും കഴിവും പല വിധ ഘട്ടങ്ങളിലൂടെ (Aptitude test, സൈക്കോ മെട്രിക് ടെസ്റ്റ്) തിരിച്ചറിഞ്ഞ് പോരായ്മകൾ ഉണ്ടെങ്കിൽ കണ്ടെത്തി കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പരിശീലനം നൽകി കൊണ്ട് അവർക്ക് യോഗ്യതയുള്ള ജോലികളിൽ പ്രാപ്തരാക്കുന്നു. |
| (ബി) | എങ്കിൽ ഈ മാറ്റത്തിന് പിന്നിലുള്ള ഉദ്ദേശ്യം എന്താണെന്ന് വിശദമാക്കാമോ: | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിയ്ക്കായി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് സർക്കാർ അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ പാർട്ട്ടൈം സ്വീപ്പർ, ചില ലാസ്റ്റ്ഗ്രേഡ് ഒഴിവുകൾ തുടങ്ങിയ വിരലിലെണ്ണാവുന്ന ഒഴിവുകൾ മാത്രമേ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നികത്തപ്പെടുന്നുള്ളു. മാറിയ കാലഘട്ടത്തിനനുസരിച്ച് സ്വകാര്യമേഖലയിലെ തൊഴിൽ |

| | | | |
|---|---|---|---|
| | | | സാധ്യതകളും കൂടി കണക്കിലെടുക്കുവാൻ വകുപ്പ് നിർബന്ധിതരായിരിക്കുന്നു. വിദ്യാഭ്യാസയോഗ്യത മാത്രമല്ല സ്വകാര്യമേഖലയിലെ തൊഴിൽ ലഭ്യതയ്ക്ക് മാനദണ്ഡമായിട്ടുള്ളത്, ഉദ്യോഗാർത്ഥികൾ തൊഴിൽ നിപുണരായിരിക്കണം എന്നവർ നിഷ്കർഷിക്കുന്നു. ഈ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക (എംപ്ലോയ ബിലിറ്റി സെന്റർ) എന്ന പദ്ധതിയ്ക്ക് രൂപം നൽകുകയും ഇതിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലും തൊഴിൽ നേടുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന സാധിക്കുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാനത്തെ ഏതൊക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയാണ് ഇത്തരത്തിൽ മാറ്റിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | 2012-2013 സാമ്പത്തിക വർഷം ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി പ്രകാരം എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയും തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം എന്ന നിലയിൽ 2012-13 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ